LIBRARY ARCHIVES Kerala Legislative Assembly

മത്സ്യവിത്ത് ഉത്പാദന കേന്ദ്രങ്ങൾ

276(2313) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പൊതുമേഖലയിൽ മത്സ്യവിത്ത് ഉത്പാദനത്തിനുള്ള കേന്ദ്രങ്ങൾ ഏതൊക്കെയാണ്; ഇവിടെ പ്രതിവർഷം ശരാശരി എത്ര മത്സ്യവിത്ത് ഉത്പാദിപ്പിക്കപ്പെടുന്നുണ്ട്; മത്സ്യവിത്ത് ഉത്പാദനം വർദ്ധിപ്പിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഫിഷറീസ് വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ളതും വകുപ്പിന് കീഴിലുള്ള അഡാക്കിന്റെയും മത്സ്യഫെഡിന്റെയും കുഫോസിന്റെയും മത്സ്യവിത്ത് ഉത്പാദന കേന്ദ്രങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

ഉൾനാടൻ മത്സ്യകൃഷി

277(2314) ശ്രീ. പി. വി. ശ്രീനിജിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി കർഷകർക്ക് നൽകുന്ന ശാസ്ത്രീയ പരിശീലനത്തിന്റെയും സാമ്പത്തിക സഹായത്തിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി ജനകീയ മത്സ്യകൃഷി, സുഭിക്ഷ കേരളം, പ്രധാനമന്ത്രി മത്സ്യ സമ്പദ്യോജന (PMMSY) എന്നീ പദ്ധതികളിലുൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെടുന്ന മത്സ്യ കർഷകർക്ക് ഫിഷറീസ് ഡിപ്പാർട്ടുമെന്റ് പരിശീലനം നൽകിവരുന്നു. ബയോഫ്ളോക്ക് അക്വാകൾച്ചർ സിസ്റ്റം, ഇന്റൻസീവ് അക്വാകൾച്ചർ സിസ്റ്റം, റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം എന്നീ സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള നൂതന മത്സ്യക്കൃഷിരീതികൾ ഉൾപ്പെടെയുള്ള വിവിധ മത്സ്യക്കൃഷി രീതികൾക്ക് Kerala University of Fisheries and Ocean Science (KUFOS), Central Institute of Fisheries Education (CIFE) എന്നീ സ്ഥാപനങ്ങളിലെ സാങ്കേതിക വിദഗ്ധർ, ഫിഷറീസ് വകുപ്പിലെ ടെക്നിക്കൽ വിദഗ്ധർ തുടങ്ങിയവരുടെ സഹായത്തോടെ ഗുണഭോക്താക്കളായ കർഷകർക്ക് കോവിഡ് സാഹചര്യത്തിൽ ഓൺലൈനായി പരിശീലനം നൽകിവരുന്നുണ്ട്. ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി കർഷകർക്ക് നൽകുന്ന സാമ്പത്തിക സഹായത്തിന്റെ വിശദാംശങ്ങൾ അനുബന്ധം1 ആയി ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.